# കേരള മുസ്ലിം നവോത്ഥാന ചരിത്രത്തിൽ കൊടുങ്ങല്ലൂരിന്റെ പങ്ക്

## (THE ROLE OF KODUNGALLUR ON THE RENAISSANCE OF MUSLIMS)

**SUMMARY OF THE PROJECT**
**submitted to UGC**

ഡോ. കെ. കെ. സുലൈഖ
പ്രിൻസിപ്പാൾ (Retd)

ഗവ. കോളേജ്
തൃപ്പൂണിത്തുറ
എറണാകുളം

2022

# കേരള മുസ്ലിം നവോത്ഥാന ചരിത്രത്തിൽ കൊടുങ്ങല്ലൂരിന്റെ പങ്ക്

## (SUMMARY OF THE PROJECT)

ചരിത്രപഠനം കാരണങ്ങളുടെ പഠനമാണ്. എന്തുകൊണ്ട് എന്ന ചോദ്യത്തിന്റെ ഉത്തരം തേടലാണ് അത്. ഒരേ സംഭവത്തിനുതന്നെ പല കാരണങ്ങൾ കണ്ടെത്താൻ കഴിയും. അപ്പോൾ ഉത്തരങ്ങളുടെ എണ്ണവും വ്യാപ്തിയും വർദ്ധിക്കുന്നു. അത്തരത്തിലുള്ള ഒരു ഉത്തരം കണ്ടെത്താനുള്ള ശ്രമമാണ് എന്റെ ഈ പഠനം.

അതിപുരാതനമായ ഒരു നഗരമാണ് കൊടുങ്ങല്ലൂർ. വാത്മീകി രാമായണ രചനയുടെ കാലത്തുതന്നെ കൊടുങ്ങല്ലൂരിന്റെ പ്രസിദ്ധി ദേശാന്തരങ്ങളിൽ എത്തിയിരുന്നു. പ്രചീന രേഖകളിൽ 'മുസിരിസ്' എന്നാണ് കൊടുങ്ങല്ലൂർ അറിയപ്പെടുന്നത്. തമിഴകത്തെ പ്രാചീന തുറമുഖമായ 'മുസിരിസ്സി'നെക്കുറിച്ച് തമിഴ് കൃതികളിലും സംസ്കൃതകൃതികളിലും പ്ലിനി, ടോളമി തുടങ്ങിയ വിദേശീയരുടെ കുറിപ്പുകളിലും പഴയകാലത്തുതന്നെ പരാമർശം കാണാം.

എ.ഡി. ഒന്നാം നൂറ്റാണ്ടിലോ, മൂന്നാം നൂറ്റാണ്ടിലോ എഴുതപ്പെട്ട 'പെരിപ്ലസ് മാർ എറിത്ത' അന്നത്തെ മുസിരിസിനെക്കുറിച്ചു നല്കിയ വിവരണത്തിൽ ഗവൺമെന്റിന്റെ ആസ്ഥാനമായ മുസിരിസ്സ് ഐശ്വര്യസമൃദ്ധമായ ഒരു നഗരമാണ് എന്നും ഇവിടേക്ക് അരിയേക്കയിൽ നിന്നും ഗ്രീസിൽ നിന്നും ഈജിപ്തിൽനിന്നു പോലും കപ്പലുകൾ ഇടക്കിടെ എത്തിച്ചേരാറുണ്ടെന്നും ഈ തുറമുഖങ്ങളിൽ വന്നും പോയും കൊണ്ടിരിക്കുന്ന കപ്പലുകൾ വളരെ വലിപ്പമുള്ളവയാണെന്നും മലബാർ മാന്വലിൽ വില്യം ലോഗൻ സൂചിപ്പിക്കുന്നുണ്ട്. പല കാലങ്ങളിലായി പലരുമെഴുതിയ കേരളത്തിന്റെ ചരിത്രത്തിലും സാംസ്കാരിക ചരിത്രത്തിലും കൊടുങ്ങല്ലൂർ വളരെ പ്രാധാന്യത്തോടെ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. ചേര സാമ്രാജ്യത്തിന്റെ

ആസ്ഥാനമെന്ന നിലക്ക് കീർത്തികേട്ട കൊടുങ്ങല്ലൂരും ചരിത്രത്താളുകളിൽ ഇടം നേടിയിട്ടുണ്ട്.

മലബാർ മാന്വലിൽ വില്യം ലോഗൻ കയറ്റുമതി ചെയ്യുന്ന വസ്തുക്കളെയും ഇറക്കുമതി ചെയ്യുന്ന വസ്തുക്കളെയും എണ്ണിയെണ്ണി സൂചിപ്പിക്കുമ്പോൾ വ്യക്ത മാകുന്ന ഒരു കാര്യം അക്കാലത്തെ കൊടുങ്ങല്ലൂരിലെ ജനത കൈവരിച്ചിരുന്ന ജീവിതനിലവാരത്തിന്റെയും സാംസ്കാരികൗന്നത്യത്തിന്റെയും തെളിവു തന്നെ യാണ് എന്നുള്ളതിന് സംശയമില്ല.

പ്രശസ്ത തമിഴ്കാവ്യമായ അകനാനൂറിൽ 'മുചിരി' എന്ന പേരിലാണ് കൊടു ങ്ങല്ലൂരിനെ വർണ്ണിച്ചിരിക്കുന്നത്. 'രഘുവംശ'ത്തിൽ 'മുരിചി പത്തനം' എന്നാണ്. കൊടുങ്ങല്ലൂരിന് 'വഞ്ചിനഗരം' എന്ന പേരുണ്ടായിരുന്നതായി 'മണിമേഖല' എന്ന കാവ്യത്തിൽ നിന്നും മനസ്സിലാക്കാം. 'മണിമേഖല' രചിക്കപ്പെടുന്ന കാലത്ത് ദക്ഷി ണേന്ത്യ മുഴുവൻ അറിയപ്പെടുന്ന ഒരു വിശ്വവിദ്യാലയം ഇവിടെ നിലനിന്നിരുന്നു. 'ചിലപ്പതികാരം' എന്ന മഹാകാവ്യം ഇളം കോവടികൾ രചിച്ചത് കൊടുങ്ങല്ലൂരിലെ തൃക്കാണാമതിലകത്തുവെച്ചാണ്. ഇതിന്റെ രചനാകാലം ക്രിസ്തുവർഷം രണ്ടാം നൂറ്റാണ്ടാണെന്ന് ഉള്ളൂർ 'കേരളസാഹിത്യ ചരിത്ര'ത്തിൽ രേഖപ്പെടുത്തുന്നുണ്ട്.

കൊടുംകൊലയൂര്, കൊടുകല്ല്'ഊര്, കോടിലിംഗപുരം, അശ്മകം, മാകോതൈ പട്ടണം, മഹോദയപുരം, മുയിരിക്കോട് (മതശാസനങ്ങളിൽ), കരൗറ, കൊല്ലം, കൊല്ല കൊടു കൊല്ലെ ഊർ, കൊളുങ്കൂറിയ, ക്രാങ്കന്നൂർ, ക്രോങ്കളോർ, വഞ്ചി, ഹരിഹരസുതപുരം തുടങ്ങി പലപേരുകളിലാണ് കൊടുങ്ങല്ലൂർ പലകാലങ്ങളിലായി അറിയപ്പെട്ടിരുന്നത്.

റോമാക്കാരും ഗ്രീക്കുകാരും അറബികളും കൊടുങ്ങല്ലൂരുമായി വാണിജ്യബ ന്ധത്തിലേർപ്പെട്ടിരുന്നു. പോർട്ടുഗീസുകാർ, ഡച്ചുകാർ, ടിപ്പു, സാമൂതിരി, കൊച്ചി, ഇംഗ്ലീഷുകാർ – ഇവരെല്ലാം കൊടുങ്ങല്ലൂരിനുമേൽ മാറി മാറി ആധിപത്യം പുലർത്തു കയും ചെയ്തു.

വിദ്യയുടെയും വാണിജ്യത്തിന്റെയും നഗരമായിരുന്ന കൊടുങ്ങല്ലൂർ വ്യത്യസ്തങ്ങളായ മതദർശനങ്ങൾ ഇന്ത്യയിലേക്കു കടന്നുവരുന്നതിനുള്ള പ്രവേശന കവാടം കൂടിയായിരുന്നു. കേരളത്തിലെ ആദ്യത്തെ ക്രിസ്ത്യൻ പള്ളിയും ഇന്ത്യയിലെ ആദ്യത്തെ മുസ്ലിം പള്ളിയും കൊടുങ്ങല്ലൂരാണ്. ജൂതന്മാർ അഭയാർത്ഥികളായി വന്ന് ആരാധനാലയം സ്ഥാപിച്ചത് കൊടുങ്ങല്ലൂരാണ്. ബുദ്ധമതവും ജൈന മതവും വളരെ പ്രാബല്യത്തോടെ കൊടുങ്ങല്ലൂരിൽ നിലനിന്നിരുന്നു.

19-ാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ ആരംഭിക്കുകയും അവസാനത്തോടുകൂടി ഏതാണ്ട് പൂർണ്ണമായി വ്യാപിക്കുകയും ചെയ്ത നവോത്ഥാനത്തിന്റെ സദ്ഫലങ്ങൾ അനുഭവിക്കാത്ത ഒരു ജനവിഭാഗവും ഭാരതത്തിൽ ഇല്ല എന്നുള്ളതാണ്. ഈ സാംസ്കാരിക സംക്രമണം പലപ്പോഴും മതനവീകരണ പ്രസ്ഥാനത്തിന്റെ രൂപത്തിലാണ് അനുഭവവേദ്യമായത്. ഹിന്ദു-മുസ്ലിം-ക്രൈസ്തവ വിഭാഗങ്ങളെ മാത്രമല്ല സിഖ്, പാഴ്സി വിഭാഗങ്ങളിൽക്കൂടി ഈ നവീകരണ പ്രക്രിയ കടന്നുപോയി. ഈ മതങ്ങളിൽ മാത്രമല്ല ഉപവിഭാഗങ്ങളിൽ വരെ അതിന്റെ അനുരണനങ്ങൾ ഉണ്ടായി എന്നുള്ളതാണ്.

ഓരോ വിഭാഗത്തിലെയും നവോത്ഥാന സംരംഭങ്ങൾക്ക് അതിന്റേതായ പ്രത്യേക സവിശേഷതകൾ ഉണ്ടായിരുന്നു. എങ്കിലും അവയ്ക്കെല്ലാം ഈ പ്രത്യേകതകളോടൊപ്പം സമാനധർമ്മങ്ങളും സ്വഭാവങ്ങളും ഉണ്ടായിരുന്നു. 15-ാം നൂറ്റാണ്ടിൽ യൂറോപ്പിൽ ആരംഭിച്ച നവോത്ഥാന പ്രസ്ഥാനങ്ങളോടുപോലും ചില കാര്യങ്ങളിൽ നമുക്ക് സാധർമ്മ്യം കാണാൻ സാധിക്കും. പൗരോഹിത്യത്തിനും ഭൂവുടമസ്ഥതക്കും മറ്റു അധികാരഘടനകൾക്കും വിജ്ഞാന വിതരണത്തിലെ ഉച്ചനീചത്വ ശ്രേണീ സമ്പ്രദായത്തിനും എതിരെയുള്ള ജനകീയതയുടെ ഒരു വർഗ്ഗ സമരമായിരുന്നു സത്യത്തിൽ എല്ലാ നവോത്ഥാന സംരംഭങ്ങളും. ജനകീയമായ ഒരു ഭാഷ മതാചാരങ്ങളിലും പുണ്യഗ്രന്ഥങ്ങളിലും ഭരണനിർവ്വഹണത്തിലും അംഗീകരിപ്പിക്കാനുള്ള പൊതുശ്രമവും ഇതിൻ ഫലമായുണ്ടായിട്ടുണ്ട്.

കേരളത്തിന്റെ സവിശേഷ സാമൂഹ്യ സാഹചര്യങ്ങളിൽ ഈ പരിവർത്തന ങ്ങൾ വർണ്ണാശ്രമവ്യവസ്ഥക്കും സവർണ്ണമേൽക്കോയ്മയ്ക്കും എതിരെയുള്ള കലാപം കൂടിയായിരുന്നു. 'മതാചാര്യർ, മതനിഷേധികൾ' എന്ന പുസ്തകത്തിൽ (പേജ് 10) "കേരള നവോത്ഥാനത്തിന്റെ ചരിത്രത്തിൽ ഹൈന്ദവേതര മതങ്ങളിൽപ്പെ ട്ടവരുടെ നവോത്ഥാന യത്നങ്ങൾ അവരവരുടെ ചില ചരിത്രകൃതികളിൽ മാത്ര മായി ഒതുങ്ങിക്കിടക്കുകയാണ്. പലപ്പോഴും അവ സമഗ്രമായ നവോത്ഥാനത്തിന്റെ ഭാഗമായി വ്യാഖ്യാനിക്കപ്പെടുകയോ വിലയിരുത്തപ്പെടുകയോ ചെയ്തിട്ടില്ല. കേര ളത്തിലെ ഹൈന്ദവ വിഭാഗങ്ങൾക്കിടയിലെ നവോത്ഥാന യത്നങ്ങളെക്കാൾ ഒരു തരത്തിലും താഴെക്കിടയിൽ അല്ലാത്ത വമ്പിച്ച ശ്രമങ്ങൾ മുസ്ലീങ്ങളുടെയും ക്രിസ്ത്യാനികളുടെയും സമൂഹങ്ങളിലും സംഭവിച്ചിട്ടുണ്ട്. സംഘടനകളും പ്രസ്ഥാ നങ്ങളും എതിർപ്പുകളും ഒത്തുതീർപ്പുകളും പ്രതിഭാശാലികളും സ്ഥാപിതതാത്പ്പ ര്യക്കാരും എല്ലാം ഹൈന്ദവ നവോത്ഥാന ചരിത്രത്തിൽ എന്നപോലെ മുസ്ലിം - ക്രൈസ്തവ സമൂഹങ്ങളിലും നമുക്ക് കണ്ടെത്താം." അത്തരം യത്നങ്ങളിൽ കൊടു ങ്ങല്ലൂരിന്റെ മുസ്ലിം നവോത്ഥാന ചരിത്രവും അതിന് നേതൃത്വം നൽകിയവരുടെ പ്രവർത്തനങ്ങളും മാത്രമാണ് ഈ പ്രബന്ധത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ ശ്രമിച്ചിട്ടുള്ളത്.

കേരളീയ നവോത്ഥാനകാലഘട്ടത്തിൽ കൊടുങ്ങല്ലൂരിലെ എല്ലാ മതവിഭാഗ ത്തിൽ പെട്ടവരും വ്യത്യസ്ത മതസംഘടനകളും പ്രസ്ഥാനങ്ങളും സാമൂഹ്യനന്മ യെ കരുതി പ്രവർത്തിച്ചതിന്റെ ചരിത്രം അങ്ങുമിങ്ങുമൊക്കെ സൂചനകളായി വന്നി ട്ടുണ്ടെങ്കിലും വിപുലവും കൃത്യവുമായ പഠനങ്ങൾ നടന്നതായി അറിവില്ല. എസ്. എൻ.ഡി.പി. സ്റ്റേറ്റ് പ്രസിഡണ്ടായിരുന്ന കെ. ടി. അച്യുതൻ വക്കീൽ, നേതൃനിര യിലുണ്ടായിരുന്ന എ.പി. ഗോവിന്ദൻ ആലയിൽ, യുക്തിവാദി നേതാവായിരുന്ന വിജയൻ വി. ആലയിൽ, കമ്മ്യൂണിസ്റ്റ് നേതാക്കളായിരുന്ന ജോൺ വൈദ്യർ, ഇ. ഗോപാല കൃഷ്ണമേനോൻ, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനുമായി കളി

ച്ചുവളർന്ന കോൺഗ്രസ്സ് നേതാവ് നന്ത്യലത്ത് പത്മനാഭ മേനോൻ (പി. ഭാസ്ക്കരന്റെ അച്ഛൻ), രാജാവിനെതിരെ കർഷകസമരം സംഘടിപ്പിക്കുകയും 'രക്തരേഖ' എന്ന പ്രത്യക്ഷപത്രം അച്ചടിച്ചു പുറത്തിറക്കുകയും ചെയ്ത മണപ്പാട് കുഞ്ഞുമുഹമ്മദ് ഹാജി, 'കേരളസ്റ്റാലിൻ' എന്നറിയപ്പെട്ടിരുന്ന കെ. എം. ഇബ്രാഹിം സാഹിബ്, ശരീഅത്തിന്റെ പേരിൽ സ്ത്രീകളുടെ അവകാശങ്ങൾ നിഷേധിക്കുന്നതിനെതിരെ സാഹിത്യസൃഷ്ടി നടത്തിയ മൊയ്തു പടിയത്ത് - ഇവരൊന്നും ചരിത്രത്തിന്റെ ഏടുകളിൽ ഇടം കിട്ടിയിട്ടില്ലാത്തവരാണ്. എന്നാൽ കേരളീയ നവോത്ഥാന ചരിത്രത്തിൽ മുൻപന്തിയിൽ നിന്നിരുന്ന മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിനെക്കുറിച്ചുള്ള പഠനങ്ങൾ അടുത്തകാലത്തായി ഏറെ ഉണ്ടായിട്ടുണ്ട്.

മേത്തല, പുല്ലൂറ്റ്, എറിയാട്, ലോകമലേശ്വരം എന്നിവ ചേർന്ന് 17.5 ചതുരശ്ര നാഴികയാണ് കൊടുങ്ങല്ലൂരിന്റെ വിസ്‌തൃതി.

1838-ൽ നിർത്തലാക്കി 1886-ൽ പുനഃസ്ഥാപിതമായ കൊടുങ്ങല്ലൂർ രൂപതയും കൊടുങ്ങല്ലൂർ സെമിനാരിയും കൊടുങ്ങല്ലൂർ ക്ഷേത്രവും കൊടുങ്ങല്ലൂർ മുസ്ലിം പള്ളിയും എല്ലാം ചേർന്ന കൊടുങ്ങല്ലൂരിന്റേതായ ഒരു പുരാതന സാംസ്കാരികത്തനിമ നവോത്ഥാന പരിശ്രമങ്ങൾക്ക് പിൻബലമേകി എന്നുള്ളത് ചരിത്രയാഥാർത്ഥ്യമാണ്.

ഈവിധം ചരിത്ര സമ്പന്നമായൊരു പ്രദേശത്തിന്റെ നവോത്ഥാനനാൾ വഴികളിലൂടെയുള്ള അന്വേഷണത്തിന്റെയും പഠനത്തിന്റെയും ഫലമായുള്ള കണ്ടെത്തലുകളാണ് തുടർന്നുള്ള അദ്ധ്യായങ്ങളിൽ അവതരിപ്പിക്കുന്നത്.

**പഠനലക്ഷ്യം**

കേരളീയ നവോത്ഥാനത്തിന്റെ ചരിത്രത്തിൽ മുസ്ലീങ്ങളുടെ പങ്ക് നിർണ്ണായകമാണ്. തിരുവിതാംകൂറിലെ മുസ്ലീങ്ങളേക്കാൾ ഈ രംഗത്ത് കർമ്മവൈവിധ്യം കൊണ്ട് ശോഭിക്കുന്നത് മലബാറിലെ മുസ്ലീങ്ങളാണ്. ചില നവോത്ഥാന പ്രവർത്തനങ്ങളുടെ ഉറവിടമെന്ന നിലയിൽ കൊടുങ്ങല്ലൂരിനും തനതായ സംഭാവനകൾ

ഏറെയുണ്ടായിരുന്നു. ചരിത്രത്തിന്റെ മുഖ്യധാരയിൽ ഇടം കിട്ടാതെപോയ, തങ്ങളുടെ പ്രവർത്തനശേഷിയുടെ അധിക പങ്കും ചെലവഴിച്ചിട്ടും ചരിത്രത്തിന്റെ പിന്നാമ്പുറങ്ങളിൽ മാത്രം നിൽക്കാൻ കഴിഞ്ഞിട്ടുള്ള കുറേ പേർ കൊടുങ്ങല്ലൂരിലുണ്ട്. ചരിത്ര നിർമ്മിതിയിൽ പരമ്പരാഗതരീതി തുടരുന്നവർ സ്വാഭാവികമായി അവഗണിക്കുന്ന വസ്തുതകളെ വിലയിരുത്തുകയും വിശകലനം ചെയ്യുകയും ചെയ്തുകൊണ്ട് അവരെയും ചരിത്രത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുക എന്നുള്ളത് ഈ ഗവേഷണത്തിന്റെ ലക്ഷ്യമാണ്. പ്രാദേശിക ചരിത്രനിർമ്മിതിയുടെ ഭാഗമാകുക എന്നുള്ളതും ലക്ഷ്യമാണ്.

കേരള ചരിത്രത്തിൽ കൊടുങ്ങല്ലൂരിന്റെ പങ്ക് നിസ്തുലമാണ്. നവോത്ഥാന ചരിത്രത്തിൽ നല്ലൊരിടം കണ്ടെത്താൻ കൊടുങ്ങല്ലൂരിന് സാധിച്ചിട്ടുണ്ട്. കേരളത്തിലെ മുസ്ലിം നവോത്ഥാന ചരിത്രത്തിൽ തിളങ്ങി നിൽക്കുന്നവരോടൊപ്പം നിൽക്കാൻ തലയെടുപ്പുള്ള, ഒരു കൂട്ടം കർമ്മശേഷി തെളിയിച്ച മഹത് വ്യക്തിത്വങ്ങളെ കണ്ടെത്തുക എന്നുള്ളതും ചരിത്രത്തിന്റെ മുഖ്യധാരയിലേക്ക് അവരെ കൊണ്ടുവരുക എന്നുള്ളതും ഇതിന്റെ ലക്ഷ്യമാണ്. അവരുടെ സാമൂഹികവും സാംസ്ക്കാരികവും രാഷ്ട്രീയവും സാഹിത്യപരവുമായ പ്രവർത്തനങ്ങളെ വിലയിരുത്തി ചരിത്രസംസ്ക്കാര പഠനങ്ങളുടെ മേഖലയിൽ അവർക്കൊരു ഇടമുണ്ടാക്കേണ്ടതും ആവശ്യമാണ്.

കേരളീയ നവോത്ഥാനത്തിൽ മുസ്ലീംകളുടെ പങ്ക് നിർണ്ണായകമാണെങ്കിലും ചരിത്രത്തിൽ അത് വേണ്ടപോലെ രേഖപ്പെട്ടിട്ടില്ല. മലബാർ മുസ്ലീംകളുടെ പങ്ക് ചരിത്രത്തിൽ കുറെയൊക്കെ രേഖപ്പെട്ടിട്ടുണ്ടെങ്കിലും തൃശൂർ മുതൽ തെക്കോട്ട് തിരുവനന്തപുരംവരെയുള്ള മുസ്ലിം സമൂഹം നവോത്ഥാനരംഗത്ത് സമർപ്പണം ചെയ്തത് ചരിത്രത്തിന്റെ പിന്നാമ്പുറങ്ങളിലെവിടെയോ മറഞ്ഞു കിടക്കുകയാണ്. പരമ്പരാഗത ചരിത്രമെഴുതുന്ന രീതി പിന്തുടർന്ന ചരിത്രമെഴുത്തുകാർ കാണാതെ പോയ, നവോത്ഥാനചരിത്രത്തിന് കൊടുങ്ങല്ലൂരിലെ മുസ്ലീംകൾ നൽകിയ സംഭാ

വനകൾ, സൂക്ഷ്മമായി അന്വേഷണവിധേയമാക്കുകയും പഠിക്കുകയും അത്തരം ഗവേഷണഫലങ്ങൾ പ്രബന്ധമായി പ്രസിദ്ധീകരിക്കുകയും ചെയ്യുക എന്നതാണ് ഈ പ്രൊജക്ട് ലക്ഷ്യം വെച്ചത്.

ഈ പഠനത്തിൽ കണ്ടെത്താൻ കഴിഞ്ഞ പ്രധാനപ്പെട്ട കാര്യങ്ങൾ താഴെ പറയുന്നവയാണ്.

1. എല്ലാ സമുദായങ്ങളിലും മാറ്റത്തിന്റെ ചലനങ്ങൾ തുടങ്ങിയത് മുസ്ലിം സമുദായത്തിലും അനുരണനങ്ങൾ ഉണ്ടാക്കി. അത് ശക്തമായും സാർത്ഥകമായും പ്രതിഫലിച്ച ഒരു ദേശം കൊടുങ്ങല്ലൂരായിരുന്നു.
2. ഇസ്ലാം മതത്തിന്റെ അടിസ്ഥാന ദർശനങ്ങളുമായി ബന്ധമില്ലാത്ത ആചാരങ്ങളും അനാചാരങ്ങളും കൊണ്ട് ബന്ധിതമായ ഒരു സമൂഹ നിർമ്മിതിക്കാണ് അക്കാലത്തെ പൗരോഹിത്യം നേതൃത്വം കൊടുത്തത്. അവർ തീർത്ത തടവറകളിൽ നിന്നുള്ള മോചനമായിരുന്നു നവോത്ഥാനം ലക്ഷ്യമാക്കിയത്.
3. ആധുനിക വിദ്യാഭ്യാസത്തോടുള്ളവിരോധം, ഇംഗ്ലീഷ് നരകത്തിലെ ഭാഷയാണെന്ന മൂഢവിശ്വാസം, സ്ത്രീകൾ പുറത്തിറങ്ങുന്നതും വിദ്യ അഭ്യസിക്കുന്നതും പൊതുകാര്യങ്ങളിൽ ഇടപെടുന്നതും മതവിരുദ്ധമാണെന്ന കാഴ്ചപ്പാട്, മലയാള ഭാഷ ആമുസ്ലിം ഭാഷയായതുകൊണ്ട് അത് പഠിക്കേണ്ടതില്ലെന്ന വിചാരം, കൃഷിയും കച്ചവടവും വിട്ടുള്ള വ്യവസായമേഖലയോ ആധുനികമായ തൊഴിലിടങ്ങളോ തങ്ങൾക്കനുയോജ്യമാണ് എന്നുള്ള ധാരണക്കുറവ്, രോഗം വന്നാൽ വൈദ്യരെയോ ഡോക്ടറെയോ കണ്ടു ചികിത്സിക്കുന്നതിനു പകരം മന്ത്രവാദികളുടെ സഹായം തേടൽ തുടങ്ങിയവയായിരുന്നു അവരുടെ സമ്പ്രദായങ്ങൾ.
4. ഈ ചങ്ങലകൾ പൊട്ടിക്കാൻ കഴിയണമെങ്കിൽ വിദ്യാഭ്യാസമില്ലാത്ത ഈ സമുദായത്തിന്റെ ഇരുളടഞ്ഞ മനസ്സിലേക്ക് വെളിച്ചം കടത്തിവിടണം. അതിന് അവരോട് ഇസ്ലാം മതത്തിന്റെ തന്നെ പുരോഗമന ആശയങ്ങൾ പറഞ്ഞ് മനസ്സിലാ

ക്കണം, വായന അറിയുന്നവർക്ക് വായിക്കാനുള്ള പുസ്തകങ്ങൾ കൊടുക്കണം. ഇത്തരം ആശയപ്രചരണങ്ങളുടെ വക്താക്കളായ മക്തിതങ്ങളും ഹമദാനിതങ്ങളും കൊടുങ്ങല്ലൂരിൽ വന്നതോടെ അതിനുള്ള വഴി തുറക്കപ്പെട്ടു.

5. ഹാജി. കെ. ശീതിമുഹമ്മദ് സമ്പന്നനും എഴുത്തും വായനയും അറിയാവുന്ന വ്യക്തിയുമായിരുന്നു. മക്തിതങ്ങളുടെയും ഹമദാനിതങ്ങളുടെയും സാന്നിദ്ധ്യം സമുദായപരിഷ്കരണത്തെ സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ ആശയങ്ങൾക്ക് വ്യക്തത വരുത്തുന്നതിനും അത് പ്രാവർത്തികമാക്കുന്നതിനും സഹായകമായി. പരിഷ്കരണ സംരംഭങ്ങളുമായി രംഗത്തുവരുവാൻ പ്രചോദിതമായതും ഈ സഹവർത്തിത്വമാണ്. അദ്ദേഹത്തിന് എതിർപ്പുകൾ ഉണ്ടായിരുന്നെങ്കിലും സമ്പന്നതകൊണ്ടും പ്രമാണിത്തം കൊണ്ടും അദ്ദേഹം അതിനെ മറികടന്നു അഴീക്കോട് പടന്നയിൽ സ്വന്തമായൊരു മാർക്കറ്റ് സ്ഥാപിച്ച വ്യക്തിയായിരുന്നു. 'കൊച്ചി മുസ്ലിം വിദ്യാഭ്യാസ സംഘം' രൂപീകരിച്ചു. മുസ്ലീംകൾക്കിടയിൽ സമ്പന്നരും ദരിദ്രരും തമ്മിലുള്ള വിടവ് വളരെ അധികമായിരുന്നു. അത് നികത്താൻ സക്കാത്ത് പിരിവ് ഊർജ്ജിതമാക്കി, പാവങ്ങൾക്കിടയിൽ വിതരണം ചെയ്തു. 'അൽഅമീൻ' പത്രത്തിന്റെ ഡയറക്ടറായും സേവനം ചെയ്തു. ഇദ്ദേഹം എന്തുകൊണ്ടും നവോത്ഥാന ചരിത്രത്തിൽ വിപുലമായ രീതിയിൽ അടയാളപ്പെടേണ്ട ഒരു വ്യക്തിത്വമാണെന്ന് ഈ പ്രബന്ധത്തിലൂടെ ബോധ്യപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്.

6. മണപ്പാട്ട് കുഞ്ഞുമുഹമ്മദ് ഹാജി - വ്യത്യസ്ത സമുദായങ്ങൾ തമ്മിലുള്ള മൈത്രിപോലെ തന്നെ പ്രധാനമാണ് ഒരു സമുദായത്തിന്റെ ആഭ്യന്തര മൈത്രിയുമെന്ന തിരിച്ചറിവിൽ നിന്നാണ് മണപ്പാടന്റെ പൊതുജീവിതം ആരംഭിക്കുന്നത്. ഹാജി കെ. ശീതിമുഹമ്മദും മണപ്പാടനും ചേർന്ന് 'നിഷ്പക്ഷസംഘം' രൂപീകരിച്ച് സമുദായ ഐക്യത്തിനുവേണ്ടി പ്രവർത്തിക്കുകയും പിന്നീട് അത് വിപുലമായ ലക്ഷ്യങ്ങളോടെ 'മുസ്ലിം ഐക്യസംഘ'മായി വികസിപ്പിക്കുകയും

ചെയ്തു. മുസ്ലിം സമുദായത്തെ അടിസ്ഥാനപരമായി പരിഷ്കരിക്കുന്നതിനു വേണ്ടി സംഘം നടത്തിയ പോരാട്ടങ്ങൾ ശ്രദ്ധേയമായിരുന്നു. 13 വർഷത്തെ നിരന്തരമായ പ്രവർത്തനം കൊണ്ട് വിദ്യാഭ്യാസത്തിന്റെയും വിജ്ഞാനത്തിന്റെയും പാതയിലൂടെ സഞ്ചരിക്കാൻ സമുദായത്തെ പ്രാപ്തമാക്കി എന്നതാണ് ഈ സംഘടനയുടെ നേട്ടം - മണപ്പാടനായിരുന്നു ഇതിന്റെ പിന്നിലെ ചാലക ശക്തി. 'ഭക്ഷണം, മനുഷ്യൻ' എന്നീ പുസ്തകങ്ങൾ എഴുതിയ മണപ്പാടൻ സാഹിത്യകാരൻ കൂടിയായിരുന്നു. എം.എൽ.എ. ആയിരുന്ന അദ്ദേഹം രാജ്യ വികസനത്തെക്കുറിച്ച് നല്ല കാഴ്ചപ്പാടുള്ള ആളുമായിരുന്നു.

നവോത്ഥാനനായകൻ എന്ന അർത്ഥത്തിൽ എല്ലാ ഗരിമയുമുള്ള മണപ്പാടൻ, സംഭവ ബഹുലമായ ജീവിതത്തിനുടമയായ മണപ്പാടൻ - ചരിത്രത്തിന്റെ മുഖ്യ ധാരയിൽ ആവിഷ്ക്കരിക്കപ്പെടേണ്ട ചരിത്ര പുരുഷനാണ്.

7. പി.എ. സെയ്തുമുഹമ്മദ് - ചരിത്രത്തിനു ചെയ്ത മഹത്തായ സംഭാവനകളും സംസ്കാര പഠനങ്ങളും ശ്രദ്ധേയമാണെന്ന് കണ്ടെത്താൻ കഴിഞ്ഞു. 52 വയസ്സിനുള്ളിൽ ഇത്തരത്തിൽ സംഭാവനകൾ ചെയ്ത ആ മനീഷിയെക്കുറിച്ചും അദ്ദേഹത്തിന്റെ സംഭാവനകളെക്കുറിച്ചും ഇനിയും പഠനവും ഗവേഷണങ്ങളും നടക്കേണ്ടതുണ്ട്.

8. കെ. എം. ഇബ്രാഹിം - കേരളത്തിലെ ആദ്യത്തെ കർഷക സമരത്തിന്റെ നായകസ്ഥാനത്ത് പ്രവർത്തിച്ച ഇബ്രാഹിം സാഹിബിനെ കേരള രാഷ്ട്രീയ ചരിത്രത്തിലാണ് അടയാളപ്പെടുത്തേണ്ടിയിരുന്നത്. അതുണ്ടായില്ല. സാമൂഹ്യ പരിഷ്കരണ സംരംഭങ്ങളോടൊപ്പം സാമ്പത്തികപരാധീനതകൾ കൂടി പരിഹരിക്കപ്പെടാത്തിടത്തോളം കാലം നവോത്ഥാന പരിശ്രമങ്ങൾ സാർത്ഥകമാകില്ലെന്ന് വിശ്വസിച്ച ആളായിരുന്നു കെ.എം.ഇബ്രാഹിം. കൊടുങ്ങല്ലൂർ രാഷ്ട്രീയ കേരളത്തിനും നവോത്ഥാന കേരളത്തിനും ചെയ്ത സംഭാവനയാണ് കെ. എം.ഇബ്രാഹിം.

9. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് – അദ്ദേഹം കൊടുങ്ങല്ലൂരിന്റെ പ്രിയപുത്രനാണ്. വി.എസ്. കേരളീയൻ 'കേരളത്തിന്റെ വീരപുത്രൻ' എന്നാണ് അദ്ദേഹത്തെ വിശേഷിപ്പിച്ചത്. അദ്ദേഹം നവോത്ഥാനരംഗത്തും രാഷ്ട്രീയരംഗത്തും ചെയ്ത സംഭാവനകൾ അനേകം കവിതകളിലൂടെയും പത്തോളം ജീവചരിത്രങ്ങളിലൂടെയും സിനിമയിലൂടെയും ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. അബ്ദുറഹിമാന്റെ ജീവിതം മുഖ്യധാരാചരിത്രകാരന്മാർ അർഹമായ പരിഗണനകൊടുത്തുകൊണ്ട് തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മറ്റുള്ള സാമൂഹ്യപരിഷ്കർത്താക്കൾ അവഗണിക്കപ്പെട്ടു എന്നുള്ളതാണ്.

10. കേരള അസംബ്ലിയുടെ സ്പീക്കർ പദവിവരെ എത്തിയ സാമൂഹ്യ പരിഷ്കർത്താവായ സീതിസാഹിബ് തന്റെ സമ്പത്തും ആരോഗ്യവും സമൂഹത്തിന്റെയും സമുദായത്തിന്റെയും പുരോഗതിക്കും അധഃസ്ഥിതരായ മുസ്ലീംകളുടെ മോചനത്തിനും വേണ്ടി എങ്ങിനെ വിനിയോഗിച്ചു എന്ന് ചരിത്രത്തിൽ നിന്നു വായിച്ചെടുക്കാൻ കഴിഞ്ഞപ്പോഴാണ് ആ ത്യാഗോജ്ജ്വലത ഇനിയും പൊതു ചരിത്രത്തിന്റെ ഭാഗമാകാതെ പോയത് എന്തുകൊണ്ട് എന്ന ആലോചനകൾ കൂടുതൽ ഉയർന്നുവന്നത്. വിദ്യാഭ്യാസരംഗത്ത് വിപ്ലവം സൃഷ്ടിച്ച ഒരു മനുഷ്യൻ കൂടിയായിരുന്നു സീതിസാഹിബ്. പൊതുചരിത്രനിർമ്മിതിയിൽ വിട്ടുപോയ ഈകണ്ണിയെ കൂട്ടിച്ചേർക്കേണ്ടതുതന്നെയാണ്.

11. എഴുത്തുകാരനായ മൊയ്തുപടിയത്തിന്റെ മുസ്ലിം സാമൂഹ്യ വിമർശനവും എഴുത്തിന്റെ ലോകത്തേക്ക് കടന്നുവന്ന ഉല്പതിഷ്ണുക്കളായ കെ.എ. ജബ്ബാർ, കെ.കാട്ടകൻ, കെ.എ. കൊടുങ്ങല്ലൂർ തുടങ്ങിയവരുടെ സംഭാവനകളും കൊടുങ്ങല്ലൂരിന്റേതായി ഈ പ്രബന്ധത്തിൽ ആലേഖനം ചെയ്തിട്ടുണ്ട്.

12. കേരളത്തിലെ മുസ്ലിം നവോത്ഥാനചരിത്രത്തിൽ ശോഭിച്ചു നില്ക്കുന്നവരോടൊപ്പം നില്ക്കാൻ ശേഷിയുള്ളവർ കൊടുങ്ങല്ലൂരിന്റെ കർമ്മമണ്ഡലത്തിലും ഉണ്ട് എന്ന് സ്ഥാപിക്കുന്നതും ചരിത്രത്തിന്റെ മുഖ്യധാരയിലേക്ക് അവരെ

കൊണ്ടുവരിക എന്നുള്ളതും ഈ പ്രബന്ധത്തിന്റെ ഉദ്ദേശമായിരുന്നു. അവരുടെ സാമൂഹ്യവും രാഷ്ട്രീയവും സാംസ്കാരികവും സാഹിത്യപരവുമായ പ്രവർത്തനങ്ങളെ വിലയിരുത്തി ചരിത്രസംസ്കാര പഠനങ്ങളുടെ മേഖലയിൽ അവരുടേതായ ഒരിടം കണ്ടെത്തി പ്രതിഷ്ഠിക്കുവാൻ ഈ പ്രബന്ധത്തിന് കഴിഞ്ഞിട്ടുണ്ട്.

★ ✧ ★ ✧ ★